# പതിനഞ്ചാം കേരള നിയമസഭ

## മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## പതിനാലാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-21) യുടെ നാലാമത് റിപ്പോർട്ടിലെ (2018 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച പരാതികൾ/ വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ജനറൽ റിപ്പോർട്ട്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

**പതിനഞ്ചാം കേരള നിയമസഭ**

**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)**

# പതിനാലാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-21) യുടെ നാലാമത് റിപ്പോർട്ടിലെ (2018 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച പരാതികൾ/ വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ജനറൽ റിപ്പോർട്ട്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | - | v |
| ആമുഖം | - | vii |
| റിപ്പോർട്ട് | | |
| | - | |
| ഭാഗം I സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും | | |
| ഭാഗം II സമിതി ശിപാർശയിന്മേൽ ആരാഞ്ഞ അധികവിവരത്തിന്മേൽ മറുപടി ലഭ്യമാക്കാത്തവയുടെ വിശദാംശം | | |

# സമിതിയുടെ ഘടന

**ചെയർപേഴ്സൺ :**

ശ്രീ. പി. പി. ചിത്തരഞ്ജൻ

**അംഗങ്ങൾ** :

ശ്രീ. എൻ.കെ. അക്ബർ

ശ്രീ.  അനൂപ് ജേക്കബ്

ശ്രീമതി കാനത്തിൽ ജമീല*

ശ്രീ.  കെ.ജെ. മാക്സി

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. എം. നൗഷാദ്

ശ്രീ.  വി. ശശി

ശ്രീ. എം. വിൻസെന്റ്

**നിയമസഭാ  സെക്രട്ടേറിയറ്റ്** :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി പ്രീത കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഷിഹാബുദീൻ എം., അണ്ടർ സെക്രട്ടറി

---

*2025 നവംബർ 29-ാം തീയതി അന്തരിച്ചു.

# ആമുഖം

പതിനഞ്ചാം കേരള നിയമസഭയിലെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026) യുടെ ചെയർപേഴ്സൺ ആയ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-21) യുടെ നാലാമത് റിപ്പോർട്ട് (2018 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച പരാതികൾ/ വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ജനറൽ റിപ്പോർട്ട്) 2019 ജൂലൈ 4-ാം തീയതി സഭയിൽ സമർപ്പിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**തിരുവനന്തപുരം,**
**2026 ഫെബ്രുവരി 5**

**പി. പി. ചിത്തരഞ്ജൻ,**
**ചെയർപേഴ്സൺ,**
**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി.**

# റിപ്പോർട്ട്

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-21) യുടെ നാലാമത് റിപ്പോർട്ട് (2018 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച പരാതികൾ/ വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ജനറൽ റിപ്പോർട്ട്) 2019 ജൂലൈ 4-ാം തീയതി സഭയിൽ സമർപ്പിച്ചു. ടി റിപ്പോർട്ടിൽ 6 ശിപാർശകൾ ഉണ്ടായിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിൻമേൽ മത്സ്യബന്ധന തുറമുഖം, തദ്ദേശസ്വയംഭരണം, ആരോഗ്യകുടുംബക്ഷേമം, ദുരന്തനിവാരണം, പിന്നാക്കവിഭാഗ വികസനം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടി റിപ്പോർട്ടുകളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

റിപ്പോർട്ട് രണ്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ആദ്യ ഭാഗത്തിൽ സമിതി (2019–21) യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളും, അവയിന്മേൽ സർക്കാരിൽ നിന്ന് ലഭിക്കുകയും സമിതി അംഗീകരിക്കുകയും ചെയ്ത നടപടി റിപ്പോർട്ടുകളും രണ്ടാം ഭാഗത്തിൽ സമിതി ശിപാർശകളിന്മേൽ അധികമായി ആരാഞ്ഞ വിവരങ്ങൾക്ക് ഇതുവരെ മറുപടി ലഭ്യമാകാത്ത വിഷയങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത അധികവിവരം/ നിർദ്ദേശ ങ്ങളിന്മേൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സമിതി ശിപാർശകളും അതിന്മേൽ സ്വീകരിച്ച നടപടികളും

ഭാഗം-1

| ക്രമ നം. | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1. | 2.50 ലക്ഷം രൂപയുടെ വലനഷ്ടപ്പെട്ടതിന് ശ്രീ. ജോൺസണ് നൽകിയ നഷ്ട പരിഹാരം പരിശോധിച്ചതിൽ മത്സ്യ ബന്ധനോപകരണങ്ങൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നിലവിലെ മാനദണ്ഡ പ്രകാരം അനുവദിക്കുന്ന 6,200/- രൂപ തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇത്തരം സന്ദർഭങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി നാശനഷ്ടത്തിന് ആനുപാതികമായി മത്സ്യത്തൊഴിലാളി കൾക്ക് അർഹമായ നഷ്ട പരിഹാരം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 16) | **മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് (15-5-2024-ലെ ബി3/252/2023/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br><br>മത്സ്യബന്ധനോപകരണങ്ങൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് അനുവദിച്ചിരുന്ന തുക തികച്ചും അപര്യാപ്തമാണെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ തീപിടുത്തത്തിൽ വാസ ഗൃഹങ്ങൾ നഷ്ടപ്പെടുന്നവർക്കും, കടൽക്ഷോഭം, മറ്റു അപകടങ്ങൾ എന്നിവയിൽ വള്ളം, ബോട്ട്, വല, കട്ടമരം എന്നീ ജീവനോപാധികൾ നഷ്ടപെടുന്നവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നിലവിൽ നൽകി വന്നിരുന്ന ധനസഹായം വർധിപ്പിച്ച കൊണ്ട് 08/02/2020 തീയതിയിലെ സ.ഉ (കൈ) നം.48/2020/റവ. നമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതു പ്രകാരം കടൽക്ഷോഭത്തിൽ വള്ളം, ബോട്ട് എന്നീ ജീവിനോപാധികൾ പൂർണമായും നഷ്ടപ്പെടുന്നവർക്ക് പരമാവധി 2,00,000/- രൂപയും (രണ്ടു ലക്ഷം രൂപ മാത്രം), വല, കട്ടമരം എന്നിവ പൂർണമായും നഷ്ടപ്പെടുന്നവർക്ക് പരമാവധി 1,00,000/- രൂപയും (ഒരു ലക്ഷം രൂപ മാത്രം) വള്ളം, ബോട്ട് എന്നിവ ഭാഗീകമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 1,00,000/-രൂപയും (ഒരു ലക്ഷം രൂപ മാത്രം) കട്ടമരം ഭാഗീകമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 20,000/-രൂപയും (ഇരുപതിനായിരം രൂപ മാത്രം) പുതുക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന തിന് ഉത്തരവായിട്ടുള്ളത്.<br>**(20-11-2024 ലെ സമിതിയോഗത്തിൽ അംഗീകരിച്ചു)** |

| | | |
|---|---|---|
| 2 | ലൈഫ് മിഷന്റെ മുൻഗണനാ ലിസ്റ്റിൽ മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി റേഷൻ കാർഡ് മാനദണ്ഡമാക്കാതെ ഭവന നിർമ്മാണ സഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 19) | **<u>തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് (6-12-2024-ലെ ഡിഇ 2/ 287/ 2023/ത.സ്വഭവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)</u>**<br>സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിലവിൽ ഭവന നിർമ്മാണ ആനുകൂല്യം മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചു വരുന്നത്. സർക്കാരിന്റെ 06.09.2019 തീയതിയിലെ സ.ഉ (സാധാ) 1946/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം മത്സ്യത്തൊഴിലാളി, പട്ടികജാതി വിഭാഗങ്ങളിൽ ഉൾപ്പെട്ട ലൈഫ് മിഷൻ ഗുണഭോക്താക്കൾ, ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിരുന്നവരായിരുന്നാലും അവർ വ്യത്യസ്ഥ വീടുകളിൽ താമസിക്കുന്നവരോ ഒരേ വീട്ടിൽ താമസിക്കുന്നുവെങ്കിലും വ്യത്യസ്ഥ അടുക്കളകളിൽ വെവ്വേറെയായി ഭക്ഷണം തയ്യാറാക്കി കഴിക്കുന്നവരേയും വിവാഹം കഴിഞ്ഞ് ഒരു വർഷത്തിലേറെയായിട്ട് സ്വന്തമായി വീടില്ലാത്തത് കൊണ്ട് മാത്രം മറ്റ് വീടുകളിലോ തങ്ങളെ ആശ്രയിച്ച് കഴിയുന്നവരല്ലാത്ത മാതാപിതാക്കളോടൊപ്പമോ താമസിക്കുന്നവരേയും വ്യത്യസ്ഥ കുടുംബമായി പരിഗണിച്ച് അവർക്ക് ഭവന നിർമ്മാണ സഹായം നൽകുന്നതിന് അനുമതി ഉള്ളതാണ്. ആയതിനാൽ നിലവിൽ മത്സ്യത്തൊഴിലാളികൾക്ക് ഒരേ വീട്ടിൽ താമസിക്കുന്ന ഒന്നിലധികം കുടുംബങ്ങൾക്ക് ഒരു റേഷൻ കാർഡ് മാത്രമായിരുന്നാലും ലൈഫ് മിഷൻ ആനുകൂല്യം ലഭ്യമാകുന്നതാണ്.<br>**(07-04-2025 ലെ സമിതിയോഗത്തിൽ അംഗീകരിച്ചു)** |
| 3 | KMFR ആക്ട് പ്രകാരം യാനങ്ങൾ രജിസ്റ്റർ ചെയ്താൽ മാത്രമേ നഷ്ട പരിഹാരം ലഭിക്കുവാൻ പരിഗണിക്കുകയുള്ളൂ എന്നതിനാലും മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും കടലാക്രമണത്തിൽ കേടുപാടുകൾ | **<u>മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ് (15-5-2024-ലെ ബി3/252/2023/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>മത്സ്യബന്ധന വകുപ്പിന്റെ ആഭിമുഖ്യത്തിൽ Sustainable Marine Fishing Practices' എന്ന പദ്ധതിയുടെ കീഴിൽ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ വഴി തെരഞ്ഞെടുക്കപ്പെട്ട |

| | | |
|---|---|---|
| | സംഭവിക്കുന്നത് സാധാരണമായതിനാലും യാനങ്ങൾക്ക് രജിസ്ട്രേഷൻ നടത്തേണ്ടതിന്റെ അനിവാര്യത സംബന്ധിച്ചും യാനങ്ങളും ഉപകരണങ്ങളും ഇൻഷ്വർ ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും മത്സ്യബന്ധന തുറമുഖ വകുപ്പ് ബോധവത്ക്കരണ പരിപാടികൾ നടത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ നിലവിൽ യാനങ്ങൾക്ക് മാത്രമുള്ള ഇൻഷ്വറൻസ് വലകൾക്കും എഞ്ചിനും കൂടി ഉൾപ്പെടുത്തി വിപുലമാക്കുവാനും ഇൻഷ്വറൻസിന്റെ ഗുണഭോക്തൃ വിഹിതം നിലവിലെ 10% ൽ നിന്നും 5% ആയി കുറവ് ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 22) | മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് KMFR നിയമവും ചട്ടങ്ങളും നടപ്പിലാക്കുന്നത് സംബന്ധിച്ച് ബോധവത്ക്കരണ പരിപാടികൾ എല്ലാ വർഷവും നടത്തി വരുന്നുണ്ട്. യാനങ്ങൾക്ക് രജിസ്ട്രേഷൻ നടത്തേണ്ടതിന്റെ അനിവാര്യത സംബന്ധിച്ചും, യാനങ്ങളും ഉപകരണങ്ങളും ഇൻഷ്വർ ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും, കടൽ സുരക്ഷ സംബന്ധിച്ചും, KMFR നിയമങ്ങളുടെ ലംഘനങ്ങൾക്കുള്ള ശിക്ഷാ നടപടികൾ സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബോധവൽക്കരണ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യാനങ്ങൾക്ക് മാത്രമുള്ള ഇൻഷ്വറൻസ് 2019-2020 സാമ്പത്തിക വർഷം മുതൽ എഞ്ചിനും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഇൻഷ്വറൻസിന്റെ ഗുണഭോക്തൃ വിഹിതം പൂർണ്ണമായും ഒഴിവാക്കുന്നതിന് ഫിഷറീസ് വകുപ്പിന് യോജിപ്പാണ്. ഇക്കാര്യത്തിൽ ധന വകുപ്പുമായി കൂടിയാലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br>**(20-11-2024 ലെ സമിതി യോഗത്തിൽ അംഗീകരിച്ചു)** |
| 4 | വസ്തു ഈട് വച്ച് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നൽകുന്ന വായ്പകളുടെ ജാമ്യ വ്യവസ്ഥയിൽ ഇളവനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 29) | **പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ് (19-7-2022-ലെ എ 1/62/2022/ പി.വി.വി.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>നിലവിൽ ദേശീയ ധനകാര്യ ഏജൻസികളുടെ വ്യവസ്ഥകൾക്ക് അനുസൃതമായാണ് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ Collateral Security സ്വീകരിച്ചു വരുന്നത്. ടി ജാമ്യവ്യവസ്ഥകൾക്ക് കോർപ്പറേഷൻ സ്വമേധയാ മാറ്റം വരുത്തുന്നത് വായ്പാ തിരിച്ചടവിനെയും കോർപ്പറേഷന്റെ നിലനിൽപ്പിനേയും ബാധിക്കും. ഈ സാഹചര്യത്തിൽ ഈട് വയ്ക്കുന്ന ജാമ്യവസ്തുവിൽ തൽക്കാലം ഇളവനുവദിക്കാൻ നിർവ്വാഹമില്ല.<br>**(07-10-2022-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു)** |

## ഭാഗം-2

### സമിതി നിർദ്ദേശം/അധികവിവരത്തിന്മേൽ മറുപടി ലഭ്യമാക്കാത്തവയുടെ വിശദാംശം

| ക്രമ നം. | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1. | തീരദേശ മേഖലയുമായി ബന്ധപ്പെട്ട് നിലവിലുള്ള കൊല്ലം വിക്ടോറിയ ആശുപത്രി, കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി, മയ്യനാട് സി.എച്ച്.സി. എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ആവശ്യമായ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇത്തരം സാഹചര്യം നിലനിൽക്കുന്ന കൊയിലാണ്ടി താലൂക്കാശുപത്രി ഉൾപ്പെടെ സംസ്ഥാനത്തെ തീരദേശമേഖലയിലെ ആശുപത്രികളിലും ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു<br>(ഖണ്ഡിക 13) | **<u>ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്, (07-04-2025-ലെ HEALTH-M1/125/2024-HEALTH നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br><br>തീരദേശ മേഖലയിൽ പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്ന സാഹചര്യം ഉണ്ടായാൽ ആയത് സർക്കാർ/ജില്ലാ തലങ്ങളിലുള്ള കൂടിയാലോചനകൾക്ക് ശേഷം പകർച്ച വ്യാധികൾ നിയന്ത്രണ വിധേയമാക്കുന്നതിന് അടിയന്തര പ്രാധാന്യത്തോടെയാണ് ആരോഗ്യ വകുപ്പ് ഇടപെടലുകൾ നടത്തി കൊണ്ടിരിക്കുന്നത്.<br>പകർച്ചവ്യാധികൾ ഒഴിവാക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ജനകീയാരോഗ്യ കേന്ദ്ര പ്രവർത്തകർ, ആശാ പ്രവർത്തകർ, വാർഡ്തല ആരോഗ്യ ശുചിത്വ അംഗങ്ങൾ എന്നിവർ ചേർന്ന് നടത്തി വരുന്നുണ്ട്. ഏതെങ്കിലും തരത്തിലുള്ള പകർച്ചവ്യാധികളോ മറ്റ് രോഗങ്ങളോ ഉണ്ടാകുന്ന പക്ഷം കുടുംബാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെത്തുന്ന രോഗികൾക്ക് പ്രാഥമിക ശുശ്രൂഷ നൽകുകയും ചെയ്യുന്നു. അടിയന്തര ചികിത്സ ലഭ്യമാക്കുവാൻ 24 മണിക്കൂറും ഐ. പി സൗകര്യം സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ മുതൽ നിലവിൽ ലഭ്യമാണ്. മേജർ ആശുപത്രികളിലേയ്ക്ക് രോഗികളെ റഫർ ചെയ്യേണ്ട സാഹചര്യം ഉണ്ടായാൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആംബുലൻസ് സൗകര്യവും ടി ആശുപത്രികളിൽ ലഭ്യമാണ്. കൂടാതെ പ്രതിരോധ |

| | | |
|---|---|---|
| | | കുത്തിവയ്പുകൾ സ്ഥാപനത്തിലും ജനകീയ ആരോഗ്യ കേന്ദ്രത്തിലും നടന്നു വരുന്നു.<br>കിടപ്പ് രോഗികളെ വീടുകളിൽ ചെന്ന് പരിചരിക്കുന്ന പാലിയേറ്റീവ് കെയർ വിഭാഗം ജീവിത ശൈലി രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്ലിനിക്കുകൾ, ടി.ബി ക്ലിനിക്കുകൾ എന്നിവ നടത്തി വരുന്നു. കൂടാതെ, പഞ്ചായത്ത് പ്രോജക്ട് പ്രകാരം അതിദാരിദ്ര്യത്തിലുള്ളവർക്കും ജീവിത ശൈലി രോഗികൾക്കും മരുന്നുകൾ നൽകുന്നു.<br>പല പ്രധാന PHC/FHC/CHC/താലൂക്ക് ആശുപത്രികളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി വിഹിതം/ NHM ഫണ്ട്/കിഫ്ബി/നബാർഡ്/സി.എസ്.ആർ/ എൽ.എസ്.ജി.ഡി/മറ്റ് സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ധനസഹായത്തോടുകൂടി നടപടികൾ സംസ്ഥാന അടിസ്ഥാനത്തിൽ നടന്നു വരുന്നുണ്ട്.<br>**<u>സി.കേശവൻ മെമ്മോറിയൽ കുടുംബാ രോഗ്യ കേന്ദ്രം മയ്യനാട്</u>**<br>മയ്യനാട് സി.കേശവൻ മെമ്മോറിയൽ കുടുംബാരോഗ്യ കേന്ദ്രം കൊല്ലം ജില്ലയിലെ ഇരവിപുരം മണ്ഡലത്തിലെ തീരദേശത്ത് സ്ഥിതി ചെയ്യുന്ന ആശുപത്രിയാണ്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ ഈ സ്ഥാപനത്തിൽ നിലവിലെ കിടക്കകളുടെ എണ്ണം 70 ഉം ദിവസേനയുള്ള ശരാശരി ഒ.പി 400 ഉം ആണ്. ഒ.പി, ഐ.പി, ദന്തരോഗ വിഭാഗം, പബ്ലിക് ഹെൽത്ത് വിഭാഗം, ഫിസിയോതെറാപ്പി, ലബോറട്ടറി, എക്സ്റേ എന്നീ വിഭാഗങ്ങൾ ആശുപത്രിയിൽ പ്രവർത്തിച്ചു വരുന്നു.<br>**<u>ഗവ. വിക്ടോറിയ ആശുപത്രി, കൊല്ലം</u>**<br>ഒരു മാസം ഏകദേശം 300 ഓളം പ്രസവം നടക്കാറുള്ള ഗവ.വിക്ടോറിയ ആശുപത്രി യിൽ റഫറൽ പ്രോട്ടോക്കോൾ പ്രകാരമുള്ള സേവനം ലഭ്യമാണ്. എസ്.എൻ.സി.യു, |

| | | |
|---|---|---|
| | | പീഡിയാട്രിക്, എച്ച്.ഡി.യു എന്നിവ പ്രവർത്തനക്ഷമമാണ്. ഈ സ്ഥാപനത്തിൽ കിഫ്ബി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ മെച്ചപ്പെട്ട ചികിത്സകൾ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.<br>**താലൂക്ക് ആസ്ഥാന ആശുപത്രി, കരുനാഗപ്പള്ളി**<br>ഈ സ്ഥാപനത്തിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന കാഷ്വാലിറ്റി, ലാബ്, ഫാർമസി, എക്സ് റേ എന്നിവ പ്രവർത്തിക്കുന്നു. ആഴ്ചയിൽ 3 ദിവസം അൾട്രാ സൗണ്ട് സ്കാനിംഗ് പരിശോധന നടത്തുന്നുണ്ട്. പ്രതിദിനം 3 ഷിഫ്റ്റ് ആയി 16 ഡയാലിസിസുകൾ നടത്തുന്ന ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഗൈനക്ക്, പീഡിയാട്രിക്, ഓർത്തോ, സൈക്യാട്രിക്, ഇ.എൻ.റ്റി വിഭാഗം, നേത്ര വിഭാഗം, നെഞ്ചു രോഗ വിഭാഗം, സ്കിൻ, ജനറൽ മെഡിസിൻ, സർജറി എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളും, അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഡെന്റൽ യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഐ.ആർ.ഇയുടെ സഹായത്തോടെ മെഡിക്കൽ ഐ.സി.യു പ്രവർത്തിക്കുന്നുണ്ട്. പ്രതിദിനം ശരാശരി 110 ഒ.പി യും, 90 ഐ.പി യും നടക്കുന്നുണ്ട്. പ്രതിമാസം ശരാശരി 446 മൈനർ സർജറികളും, 157 മേജർ സർജറികളും 150 പ്രസവങ്ങളും ഈ ആശുപത്രിയിൽ നടക്കുന്നു. ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, ഫിസിയോതെറാപ്പി എന്നിവയും വിവിധ ക്ലിനിക്കുകളും പ്രവർത്തിക്കുന്നു. കിഫ്ബി മുഖാന്തരം 64.93 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്ന ബഹു നില കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്നതോടെ ചികിത്സാ സൗകര്യം കൂടുതൽ കാര്യക്ഷമമാകുന്നതാണ്. |

| | | |
|---|---|---|
| | | <u>**താലൂക്ക് ആശുപത്രി, കൊയിലാണ്ടി**</u><br>ഈ സ്ഥാപനത്തിന്റെ പരിധിയിൽ നാലു വാർഡുകളാണ് ഉൾപ്പെടുന്നത്. ആശുപത്രിയുടെ കീഴിലുള്ള നാലു വാർഡുകളിലെ ആകെ ജനസംഖ്യ 9398 ആണ്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഈ സ്ഥാപനത്തിലെ പി.പി. യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തി വരുന്നുണ്ട്. മലേറിയ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി പനിയുള്ള മുഴവൻ പ്രദേശങ്ങളിലും രക്ത പരിശോധന നടത്തി വരുന്നുണ്ട്. അന്യ സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി രാത്രികാല രക്ത പരിശോധനകളും മറ്റു ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു. ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഉറവിട നശീകരണവും നട<u>ത്തു</u>ന്നുണ്ട്. എലിപ്പനി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഡോക്സി സൈക്ലിൻ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ കുടിവെള്ള സ്രോതസ്സുകളും ക്ലോറിനേഷൻ നടത്തി <u>ശു</u>ചീകരിക്കുകയും, ഒ.ആർ.എസ്. ഡിപ്പോകൾ വാർഡുകളിൽ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നുമുണ്ട്. നിലവിൽ ആ<u>ശു</u>പത്രിയിൽ 24 മണിക്കൂറും പ്രവർത്തിച്ചു വരുന്ന അത്യാഹിത വിഭാഗം, ലാബ്, എക്സ്റേ മുതലായവ ഉണ്ട്. പകർച്ച വ്യാധികൾ പിടിപെടുന്ന സാഹചര്യത്തിൽ മേൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നതിനായി പ്രത്യേകം ഐസൊലേഷൻ വാർഡ് സംവിധാനം ഒരുക്കിയിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടുകൂടി 42.08 കോടി രൂപയുടെ പുതിയ കെട്ടിട നിർമ്മാണ പ്രവർത്തികൾ ആ<u>ശു</u>പത്രിയിൽ പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ്.<br>(16-07-2025 ലെ സമിതിയോഗത്തിൽ അംഗീകരിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.) |

| | | |
|---|---|---|
| | **16-07-2025 ലെ സമിതിയോഗം ആരാഞ്ഞ അധികവിവരം**<br><br>ആലപ്പുഴ നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നൂറ് കോടി രൂപ വകയിരുത്തി ആരംഭിച്ച ചെട്ടികാട് താലൂക്കാശുപത്രി യുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും ആശുപത്രി എന്നത്തേക്ക് പ്രവർത്തന ക്ഷമമാകുമെന്നതു സംബന്ധിച്ചുമുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്ക ണമെന്ന് നിർദ്ദേശം നൽകി | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 2. | സുനാമി ഫ്ലാറ്റുകളിൽ താമസിക്കുന്ന അനർഹരെ അടിയന്തരമായി ഒഴിപ്പി ക്കുന്നതിന് കർശന നടപടി സ്വീകരി ക്കണമെന്നും ഇപ്രകാരം ലഭിക്കുന്ന ഫ്ലാറ്റുകൾ ഉൾപ്പെടെ ഒഴിഞ്ഞുകിടക്കുന്ന മുഴുവൻ ഫ്ലാറ്റുകളും അർഹരായ മത്സ്യ ത്തൊഴിലാളികൾക്ക് നിബന്ധനകൾക്ക് വിധേയമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 26) | **ദുരന്ത നിവാരണ (എ) വകുപ്പ്, (23-05-2024-ലെ ഡി.എം.ബി2/37/2021-ഡി.എം.ഡി നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**<br><br>സുനാമി പുനരധിവാസ പദ്ധതിപ്രകാരമുള്ള ഭവനങ്ങളിൽ ചിലതിൽ ഗുണഭോക്താക്കളുടെ ബന്ധുക്കൾ താമസിച്ച് വരുന്നുണ്ടെന്നും കൂടാതെ ചില ഭവനങ്ങൾ/ഫ്ലാറ്റുകൾ എന്നിവയിൽ വാടക ക്കാരോ മറ്റ് അനധികൃത താമസക്കാരോ ഉണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാന ത്തിൽ ഇത്തരക്കാരെ ഒഴിപ്പിച്ച് അർഹരായ മറ്റുള്ളവർക്ക് നല്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. തദ്ദേശ സ്വയംഭരണം. റവന്യൂ-പോലീസ് വകുപ്പുകൾ ചേർന്നുള്ള സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഒഴിഞ്ഞു കിടക്കുന്ന ഫ്ലാറ്റുകൾ അർഹരായവർക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കു ന്നതിന് തഹസിൽദാർമാരെ ചുമതലപ്പെടുത്തി യിട്ടുണ്ട്. അനർഹമായി ഫ്ലാറ്റുകളിൽ താമസിക്കുന്നവർക്ക് ഫ്ലാറ്റുകൾ ഒഴിയുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതും ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടു കൂടി തുടർനടപടികൾ സ്വീകരിച്ച് അനർഹരെ |

| | | |
|---|---|---|
| | | പൂർണ്ണമായും ഒഴിപ്പിക്കുന്ന നടപടികൾ പൂർത്തീകരിക്കുന്നതുമാണ്. ഒഴിഞ്ഞു കിടക്കുന്ന ഫ്ലാറ്റുകൾ/വീടുകൾ അനുവദിച്ചു നൽകുന്നതിനായി നേരത്തേ ക്രോഡീകരിച്ച ലിസ്റ്റ് പ്രകാരം ഫ്ലാറ്റ് നല്കിയവയിൽ അനർഹമായി താമസിക്കുന്നവരെ ഒഴിപ്പിക്കുന്നതിനും, ഒഴിവുള്ള വീടുകൾ/ഫ്ലാറ്റുകൾ നേരത്തെ തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റ് പ്രകാരം അർഹരായവർക്ക് അനുവദിച്ചു നൽകുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട പഞ്ചായത്തുകൾക്കും, തഹസിൽദാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br>നോട്ടീസ് കാലാവധി കഴിഞ്ഞും ഒഴിഞ്ഞ് പോകാത്തവരെ ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥലം സന്ദർശിച്ച് ഒഴിപ്പിക്കൽ നോട്ടീസ് നൽകിയതിനെ തുടർന്ന് ചില താലൂക്കുകളിൽ അനധികൃത താമസക്കാർ ഒഴിഞ്ഞ് പോയിട്ടുള്ളതാണ്. ഒഴിഞ്ഞുപോകാത്ത അനധികൃത താമസക്കാരിൽ ഭൂരിഭാഗവും പോകുവാൻ മറ്റൊരിടമില്ലാത്തവരും, വിധവകളും, അഗതികളായവരുമാണ്. ഇവരെ നിർബന്ധപൂർവ്വം ഒഴിപ്പിക്കുമ്പോൾ സംഘർഷാവസ്ഥക്കും കലാപത്തിനും സാധ്യതയുള്ളതിനാൽ പോലീസ് സഹായം ഉൾപ്പെടെയുള്ള ക്രമീകരണം ആവശ്യമാണെന്ന് കാണുന്നതായി സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ഗൗരവതരമായ കൂടിയാലോചനയ്ക്കുശേഷം ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി മാത്രമേ ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ.<br><br>നിലവിൽ ഒഴിഞ്ഞു കിടക്കുന്ന ഫ്ലാറ്റുകൾ, സുനാമി ഗുണഭോക്താക്കളുടെ അഭാവത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് അനുവദിച്ചു നൽകുന്നതിനായി, ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളി ഗുണഭോക്താക്കളിൽ സുനാമി ഫ്ലാറ്റ് ആവശ്യമായ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഫിഷറീസ് ഡെപ്യൂട്ടി |

| | | |
|---|---|---|
| | | ഡയറക്ടറിൽ നിന്നും ലഭ്യമാക്കി തുടർന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>**(24-05-2024 ലെ സമിതിയോഗത്തിൽ പരിഗണിക്കുകയും തുടർ നിർദ്ദേശം നൽകുകയും ചെയ്തു)** |
| | 24-05-2024 ലെ സമിതിയോഗ നിർദ്ദേശം<br><br>സുനാമി ഫ്ലാറ്റുകളിൽ താമസിക്കുന്ന അനർഹരെ ഒഴിപ്പിക്കുന്നതിനായി തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിന്റെ വിശദ വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു. | **ദുരന്ത നിവാരണ (എ) വകുപ്പ്, (23-09-2025-ലെ ഡി.എം.ബി2/37/2021-ഡി.എം.ഡി നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**<br><br>സുനാമി പുനരധിവാസ പദ്ധതി പ്രകാരമുള്ള ഭവനങ്ങളിൽ ചിലതിൽ ഗുണഭോക്താക്കളുടെ ബന്ധുക്കൾ താമസിച്ച് വരുന്നുണ്ടെന്നും കൂടാതെ ചില ഭവനങ്ങൾ/ഫ്ലാറ്റുകൾ എന്നിവയിൽ വാടകക്കാരോ മറ്റ് അനധികൃത താമസക്കാരോ ഉണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇത്തരക്കാരെ ഒഴിപ്പിച്ച് അർഹരായ മറ്റുള്ളവർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഒഴിഞ്ഞു കിടക്കുന്ന ഫ്ലാറ്റുകൾ/വീടുകൾ അനുവദിച്ചു നൽകുന്നതിനായി നേരത്തെ ക്രോഡീകരിച്ച ലിസ്റ്റ് പ്രകാരം ഫ്ലാറ്റ് നൽകിയവയിൽ അനർഹമായി താമസിക്കുന്നവരെ വീടുകൾ/ഫ്ലാറ്റുകൾ ഒഴിപ്പിക്കുന്നതിനും, ഒഴിവുള്ള വീടുകൾ/ഫ്ലാറ്റുകൾ നേരത്തേ തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റ് പ്രകാരം അർഹരായവർക്ക് അനുവദിച്ചു നൽകുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട പഞ്ചായത്തുകൾക്കും തഹസിൽദാർക്കും നിർദേശം നൽകിയിട്ടുള്ളതാണ്.<br><br>നോട്ടീസ് കാലാവധി കഴിഞ്ഞും ഒഴിഞ്ഞ് പോകാത്തവരെ ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥലം സന്ദർശിച്ച് ഒഴിപ്പിക്കൽ നോട്ടീസ് നൽകിയതിനെത്തുടർന്ന് ചില |

| | | |
|---|---|---|
| | | താലൂക്കുകളിൽ അനധികൃത താമസക്കാർ ഔഴിഞ്ഞ് പോയിട്ടുള്ളതാണ്. ഒഴിഞ്ഞു പോകാത്ത അനധികൃത താമസക്കാരിൽ ഭൂരിഭാഗവും പോകുവാൻ മറ്റൊരിടമില്ലാത്തവരും വിധവകളും അഗതികളായവരുമാണ്. ഇവരെ നിർബന്ധപൂർവ്വം ഒഴിപ്പിക്കുമ്പോൾ സംഘർഷാവസ്ഥക്കും കലാപത്തിനും സാധ്യതയുള്ളതിനാൽ പോലീസ് സഹായം ഉൾപ്പെടെയുള്ള ക്രമീകരണം ആവശ്യമാണെന്ന് കാണുന്നതായി സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ഗൗരവതരമായ കൂടിയാലോചനയ്ക്കുശേഷം ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി മാത്രമേ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ നിർവാഹമുള്ളൂ. പ്രസ്തുത മാസ്റ്റർ പ്ലാൻ തയ്യാറാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>**(24-09-2025 ലെ സമിതിയോഗത്തിൽ പരിഗണിക്കുകയും തുടർ നിർദ്ദേശം നൽകുകയും ചെയ്തു)** |
| | **24-09-2025 ലെ സമിതിയോഗ നിർദ്ദേശം**<br>സംസ്ഥാനത്ത് ഒഴിഞ്ഞുകിടക്കുന്ന സുനാമി ഫ്ലാറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കണമെന്നും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് ഇവ സംബന്ധിച്ച റിപ്പോർട്ട് മൂന്നുമാസത്തിനകം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു. | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

**തിരുവനന്തപുരം,**
**2026 ഫെബ്രുവരി 3**

**പി. പി. ചിത്തരഞ്ജൻ,**
**ചെയർപേഴ്സൺ,**
**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി.**